ഖുത്ബ
7.01.2005
ബശാരത്ത് മോസ്ക്
പേഡ്റോബാദ്, സ്പെയ്ൻ.

بسم الله الرحمن الرحيم

# വഖ്ഫെ ജദീദ് നവവത്സര വിളംബരം.

وَمَثَلُ الَّذِينَ يُنفِقُونَ أَمْوَالَهُمُ ابْتِغَاءَ مَرْضَاتِ اللَّهِ وَتَثْبِيتًا مِّنْ أَنفُسِهِمْ كَمَثَلِ جَنَّةٍ بِرَبْوَةٍ أَصَابَهَا وَابِلٌ فَآتَتْ أُكُلَهَا ضِعْفَيْنِ فَإِن لَّمْ يُصِبْهَا وَابِلٌ فَطَلٌّ ۗ وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ

(2:266)

ജനുവരി ഒന്നു മുതൽ വഖ്ഫ് ജദീദിന്റെ പുതിയ പ്രവർത്തനവർഷം ആരംഭിക്കുന്നു. അതുകൊണ്ട് ജനുവരിയിലെ ആദ്യത്തെ ജുമുആ ഇതിന്റെ വിളംബരത്തിനായി വയ്ക്കാറാണ് പതിവ്. ഇതനുസരിച്ച് ഇന്ന് ഞാൻ വഖ്ഫെ ജദീദിന്റെ കഴിഞ്ഞ വർഷത്തെ സാമ്പത്തിക ത്യാഗത്തെ വിലയിരുത്തുകയും പുതിയ പ്രവർത്തന വർഷം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്. അതിനോടൊപ്പം സാമ്പത്തികത്യാഗം എന്ന വിഷയവും പ്രതിപാദിക്കുന്നതാണ്.

സാമ്പത്തികത്യാഗം എന്ന വിഷയത്തെക്കുറിച്ച് അല്ലാഹുതആല വിശുദ്ധഖുർആനിൽ പലതവണ നമ്മോട് പറഞ്ഞിട്ടുണ്ട്. ഈ പ്രാധാന്യത്തെ മുന്നിൽകണ്ടുകൊണ്ട് തഹ്‌രീകെ ജദീദ്, വഖ്ഫെ ജദീദ് തുടങ്ങിയ പദ്ധതികളുടെ പ്രഖ്യാപനത്തിനുപുറമെയും ജമാഅത്തിനോട് വർഷത്തിൽ ഒന്നുരണ്ടു തവണ ഇതിനെക്കുറിച്ച് പറയാറുണ്ട്. ഈ വിഷയത്തെ ആരെങ്കിലും മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു തുടങ്ങിയാൽ മഹത്തായ ഒരു ആത്മീയമാറ്റം മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകാൻ തുടങ്ങുന്നു. ഈ ഖുത്ബയോടെ നിങ്ങളുടെ സ്പെയ്ൻ ജമാഅത്തിന്റെ വാർഷിക ജൽസയും ആരംഭിക്കുകയാണ്. ജൽസയുടെ ഉദ്ദേശ്യവും ജമാഅത്തംഗങ്ങളുടെ ഉള്ളിൽ ആത്മീയ മാറ്റത്തിന്റെ നിലവാരം മികച്ചതാക്കിത്തീർക്കുക എന്നതാണ്. അതിനാൽ ഇവിടെയിരിക്കുന്ന ആരും വഖ്ഫെ ജദീദിന്റെ വിളംബരം കാരണത്താൽ നമ്മുടെ ജൽസാ വിഷയത്തെ അത് ബാധിച്ചു എന്നു മനസ്സിലാക്കരുത്. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക എന്ന വിഷയത്തെ അല്ലാഹു ഇബാദത്തിനോടൊപ്പം, നമസ്കാരത്തിനോടൊപ്പം ചേർത്തുവെച്ചിരിക്കുന്നു. ഞാൻ ഓതിയ ഖുർആനിക വചനത്തിനുപുറമെയും ഒരുപാട് സ്ഥലങ്ങളിൽ അല്ലാഹുവിന്റെ വഴിയിൽ ധനവും നിഅ്മത്തും ചെലവഴിക്കുന്നതിനെക്കുറിച്ച് സൂറ ബഖറയിൽ തന്നെ പ്രതിപാദിക്കുന്നുണ്ട്. തീർച്ചയായും ഇത് ദീനിന്റെ പ്രധാനപ്പെട്ടൊരു മൂല തത്വമാണ്. തഖ്‌വയിലും റൂഹാനിയ്യത്തിലും അഭിവൃദ്ധിയ്ക്ക് ഇതു കാരണമായിത്തീരുന്നു.

ഞാനോതിയ വചനത്തിൽ അല്ലാഹുതആല പറയുന്നു: "അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവുചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതുപോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ, അത് അതിന്റെ ഫലം ഇരട്ടിയായി നല്കി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ തന്നെയും ലഘുവായ മഴയായാലും അതിന് മതിയാവും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്." (2:266)

ചന്ദ കൊടുക്കുന്നവരുടെയും സദഖ കൊടുക്കുന്നവരുടെയും യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി ലഭിക്കുക എന്നതാണ്. അല്ലാഹുവിന്റെ സന്തോഷം പിടിച്ചുപറ്റുക എന്നതാണ്. അല്ലാഹുവിന്റെ ദീനിനുവേണ്ടി എന്തൊന്ന് നിങ്ങൾ ചെലവഴിക്കുന്നുവോ, അവന്റെ സൃഷ്ടികൾക്കുവേണ്ടി എന്തൊന്ന് നിങ്ങൾ ചെലവഴിക്കുന്നുവോ അത് തീർച്ചയായും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നതിന് കാരണമായിത്തീരും. ഇതു മുഖേന ദീനിനും കരുത്ത് ലഭിക്കും. നിങ്ങളുടെ ആത്മീയ സഹോദരങ്ങൾക്കും കരുത്ത് ലഭിക്കും. അത്തരക്കാരുടെ ഉപമ എടുത്തുദ്ധരിച്ചു കൊണ്ട് ആരാണോ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നത് അവർ ഉയർന്ന വിസ്തൃതമായ സ്ഥലത്തുള്ള തോട്ടം പോലെയാണെന്ന് പറഞ്ഞിരിക്കുന്നു. അവിടെ അവർക്ക് കനത്ത മഴ ഫലം ചെയ്യുന്നു. താഴ്ന്ന സ്ഥലം പോലെ അത് വെള്ളത്തിൽ മുങ്ങിപ്പോകുകയില്ല. അത് നശിച്ചുപോകുകയില്ല. നാശകരമായ അത്തരം വെള്ളപ്പൊക്കങ്ങളിൽനിന്ന് അത് സുരക്ഷിതമായിരിക്കും. അധികവെള്ളം താഴേക്ക് ഒഴുകിപ്പോകുന്നു. തോട്ടം ഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു. അതിന് ഒരു ക്ഷതവും ഏല്ക്കുകയില്ല. വെള്ളത്തിൽ മരം ഏറെ നാൾ നിന്നാൽ അതിന്റെ വേര് ചീയാൻ തുടങ്ങുമെന്നും തായ്ത്തടിയ്ക്ക് കോട്ടം തട്ടുമെന്നും അങ്ങനെ അത് കടപുഴകി വീഴുമെന്നും കൃഷിക്കാർക്ക് നല്ലവണ്ണം അറിയുന്ന കാര്യമാണ്. വെള്ളം കെട്ടിനില്ക്കുന്ന സ്ഥലത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. ഈ ത്യാഗവികാരം കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവർ അവകാശികളായിത്തീരുമെന്ന് പറഞ്ഞിരിക്കുന്നു. അത്യുത്സാഹത്തോടെയുള്ള ത്യാഗത്തിന്റെ ഈ വികാരം, പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇരട്ടിഫലം കൊണ്ടുവരുന്നതിനും നിങ്ങളുടെ ധന

ങ്ങളിലും ജീവനിലും ബർക്കത്തിനും കാരണമായി ത്തീരുകയും ചെയ്യുന്നു. അഥവാ അനുയോജ്യമല്ലാ തെയോ മഴ ലഭിക്കാതെ യോയുള്ള അവസ്ഥയാ ണെങ്കിൽതന്നെ - മഴ കൂടുതലായാൽ അതും ദുർല ഭമായാൽ അതും നഷ്ടമുണ്ടാക്കുന്നതാണ്. വളക്കൂറുള്ള മണ്ണാണെങ്കിൽ അധികം മഴ ഉണ്ടായി ല്ലെങ്കിൽ തന്നെ, രാത്രിയിൽ ലഭിക്കുന്ന മഞ്ഞുതു ള്ളികൾ കൊണ്ട് അതിന് ഫലം ലഭിക്കുന്നതാണ്. - അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി നിങ്ങൾ വരിക്കുന്ന ത്യാഗം കാരണത്താൽ നിങ്ങളുടെ നിസ്സാരമായ പരിശ്രമങ്ങളിലും ഫലത്തിന് ഒരു കുറവും ഉണ്ടാകാത്ത വിധം അനുഗ്രഹം ചൊരി യുന്നതാണ്. അല്ലാഹുവിന്റെ ഫള്ലിനും ബർക്ക ത്തിനും ഒരു കുറവും ഉണ്ടാകുകയില്ല. ഏതെങ്കിലും പ്രവൃത്തിയിൽ കൈതൊടുന്നതുതന്നെ അനുഗ്രഹ ത്തിന് കാരണമാകുന്നു. കാരണം നിങ്ങളുടെ നിയ്യ ത്തുതന്നെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കു കയും അവനുവേണ്ടി ചെലവഴിക്കുകയും ചെയ്യുക എന്നതാണ്. ജമാഅത്ത് പരമായ നിലയിൽ നിങ്ങൾ നോക്കുക. വൻ തുകകൾ ചന്ദ നല്കുന്നവരുടെ എണ്ണം അല്പം മാത്രമാണ്. ലോകരുടെ നിലവാരം വെച്ച് നോക്കുമ്പോൾ ജമാഅത്തിൽ അത്ര സമ്പന്ന ന്മാർ ഇല്ലതന്നെ. എന്തായാലും നല്ല അവസ്ഥയിൽ ഉള്ളവർ അല്പം ചിലരെയുള്ളു. ജമാഅത്തംഗങ്ങ ളിലും മിക്കവരും മധ്യമനിലയിലുള്ളവരും ശരാശരി ജീവിക്കുന്നവരുമാണ്. എന്നല്ല അതിനെക്കാൾ താഴെക്കിടയിലുള്ളവരുമാണ്. അത്തരക്കാരുടെ ത്യാഗത്തിന്റെ പരിശ്രമം നിസ്സാരമായിരിക്കും. അവർ ജമാഅത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് മഞ്ഞുതു ള്ളികൊണ്ട് സേചനം നടത്തുന്നവരാണ്; മഞ്ഞുതു ള്ളികൾകൊണ്ട് ചെടിയ്ക്ക് വെള്ളം ലഭിക്കുന്നതു പോലെ. എന്നാൽ, അത് സദുദ്ദേശ്യത്തോടെ കൊടു ത്തിട്ടുള്ളതിനാൽ, ലോകർക്ക് ഭാവനയിൽപ്പോലും കാണാനൊക്കാത്തവിധമുള്ള അനുഗ്രഹമാണ് അതി ലുണ്ടാകുക. ജമാഅത്തിന്റെ അതിനിസ്സാരമായ പരി ശ്രമവും അധ്വാനവും അത്ഭുതകരമായ ഫലമാണ് വെളിപ്പെടുത്തുന്നത്. നിർമ്മതക്കാരനും ഭൗതികത യിൽ ആസക്തിയുള്ളവനും ചെയ്യുന്ന അതിനെ ക്കാൾ നൂറിരട്ടി അധ്വാനം അത്രയും ഫലം നല്കുക യില്ല. കാരണം, അവിശ്വാസികളുടെ കർമ്മഭൂമി വര ണ്ടതും സത്യവിശ്വാസിയുടെ ഹൃദയഭൂമി വളക്കൂറു ള്ളതും തഖ്വയുടെ പരമമായ നിലയിൽ നിലകൊ ള്ളുന്നതുമാണ്. ഈ തഖ്വയെ വിലമതിച്ചുകൊണ്ട് അല്ലാഹുതആല ഈ ത്യാഗം വരിക്കുന്നവർക്ക് വ്യക്തിഗതമായ നിലയിലും ജമാഅത്തുപരമായ നില യിലും ഇവരുടെ പോക്കറ്റിൽ നിന്ന് പുറപ്പെട്ട ചെറിയ ചന്ദയിലും അതിരറ്റ അനുഗ്രഹം ഇടുന്നു. കാരണം നിങ്ങളുടെ ഹൃദയത്തിലും നിങ്ങൾക്കുള്ള കഴി വിലും അല്ലാഹുവിന്റെ ദൃഷ്ടിയുണ്ട്. അവൻ നിങ്ങ ളുടെ ത്യാഗത്തിന്റെ നിലവാരം കാണുമ്പോൾ തന്റെ വാഗ്ദാനമനുസരിച്ച് അതിനു ലഭിക്കുന്ന ഫലങ്ങളും ഒരുപാട് ഇരട്ടിയായി വർധിപ്പിക്കുന്നു. ജമാഅത്തിന്റെ പണത്തിൽ ബർക്കത്തുണ്ടാകുന്നതിന്റെ രഹസ്യം ഇതുതന്നെയാണ്. എതിരാളികൾക്ക് ഇതൊരിക്കലും മനസ്സിലാകുകയില്ല. കാരണം അവരുടെ ഹൃദയം ഫല സമൃദ്ധമല്ലാത്ത മണ്ണുപോലെയാണ്. പാറപോലെയാ ണ്. അതിന് സുലഭമായ മഴയോ ദുർലഭമായ മഴയോ അനുഗ്രഹം ചെയ്യുകയില്ല. ബർക്കത്ത് അതിൽ പതി യുകയേയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർക്ക് മാത്രമുള്ള പ്രത്യേകതയാണി ത്. അഹ്മദിയ്യാ ജമാഅത്തല്ലാതെ ഇന്ന് ലോകത്ത് ഈ വിചാരത്തോടുകൂടി ത്യാഗം ചെയ്യുന്നവർ മറ്റാ രുമില്ല; തീർച്ചയായും ഇവരാണ് അസൂയയ്ക്ക് വിധേ യരാവാൻ അർഹരും. അല്ലാഹുവിന്റെ റസൂൽ(സ) അത്തരം ആളുകളോടാണ് അസൂയപ്പെട്ടത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു മസ്ഊദ്(റ)വിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "രണ്ടാളുടെ കാര്യത്തിലല്ലാതെ അസൂയ ക്കവകാശമില്ല. ഒന്ന്, അല്ലാഹു കുറെ ധനം നല്കി ക്കൊണ്ട് അത് സത്യമാർഗ്ഗത്തിൽ ചെലവഴിക്കാൻ അധികാരപ്പെടുത്തിയവൻ. രണ്ട്, അല്ലാഹു ഹിക്മത്ത് നല്കി; എന്നിട്ട് അതനുസരിച്ച് വിധിക്കുകയും പഠി പ്പിക്കുകയും ചെയ്യുന്നവൻ."

ഇതും അറിവിന്റെയും ഹിക്മത്തിന്റെയും ഒരു നിഅ്മത്താണ്. നമ്മുടെ എതിരാളികൾ നമ്മുടെ അംഗങ്ങൾ എന്തിനാണ് ചന്ദ കൊടുക്കുന്നതെ ന്നോർത്ത് വിമർശിക്കാൻ തക്കം പാർത്തിരിക്കുക യാണ്. ഞങ്ങൾ ചന്ദ കൊടുക്കുന്നത് ഞങ്ങളുടെ ജമാഅത്തിനാണ്. അതിൽ നിങ്ങൾക്കെന്തുകാര്യം. ചിലപ്പോൾ ബഹളം വെച്ച് ഏതെങ്കിലും കച്ചവടക്കാ രനെ ബഹിഷ്കരിക്കുന്നു. അയാളിൽ നിന്ന് സാധനം വാങ്ങരുതെന്ന് നിർദ്ദേശിക്കുന്നു. കാരണം അതിൽ നിന്നു കിട്ടുന്ന ലാഭത്തിൽനിന്ന് അയാൾ ചന്ദ കൊടു ക്കുമെന്ന് മുറവിളി കൂട്ടുന്നു; അങ്ങനെ നിങ്ങളുടെ പൈസയാണ് ചന്ദയായി പോകുന്നതെന്ന് ജനങ്ങ ളോട് പറയുന്നു.

ജമാഅത്തിലെ എല്ലാ ഫണ്ടും കണ്ടുകെട്ടണ മെന്ന് സർക്കാറിനോട് ആവശ്യപ്പെടുന്നു. ഈ പാവ ത്തുങ്ങൾ അസൂയയുടെ അഗ്നിയിൽ എരിഞ്ഞുകൊ ണ്ടിരിക്കുകയാണ്. കാരണം അവരുടെ പാറക്കെ ട്ടുള്ള ഭൂമിയിൽ ബർക്കത്തുണ്ടാകുകയേയില്ല. പിന്നെ അസൂയയല്ലാതെ മറ്റൊന്നും അവരുടെ പക്കലുണ്ടാ കുകയില്ല. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടും അല്ലാഹുവിന്റെ റസൂൽ(സ) നമ്മെ തൊട്ട് അസൂയപ്പെട്ടതുകൊണ്ടും നാം സന്തോഷത്തിലാണ്. സ്വഹാബത്ത് എപ്പോഴും നബി(സ)യിൽനിന്ന് എന്തെങ്കിലും ആഹ്വാനം ഉണ്ടാ കണമെന്നും അതനുസരിച്ച് പ്രവർത്തിക്കണമെന്നു മുള്ള ചിന്തയിലായിരുന്നു. സമ്പന്നന്മാർ അവരുടെ സമ്പത്തുകൊണ്ട് ചെലവഴിച്ചിരുന്നു. എന്നാൽ, ദരി ദ്രരും പിന്നിലായിരുന്നില്ല. അവരും തങ്ങളുടെ പങ്കു കൊടുത്തിരുന്നു; അത് മഞ്ഞുതുള്ളിയ്ക്കു സമാന

മായിരുന്നെങ്കിൽ പോലും.

ഹസ്റത്ത് അബൂമസ്ഊദ് അൻസ്വാരി (റ) വിൽനിന്നു നിവേദനം. നബി(സ) ദാനധർമ്മങ്ങൾ കൊടുക്കാൻ പറയുമ്പോൾ, ഞങ്ങളിൽ ചിലർ ബാസാറിലേക്കു പോകുകയും അവിടെ അധ്വാനിക്കുകയും ചെയ്യും. വേതനമെന്ന നിലയിൽ ലഭിക്കുന്ന ഒരു മുദ്ദ് ധാന്യമോ മറ്റെന്തെങ്കിലുമോ, അവർ സദഖ ചെയ്യുമായിരുന്നു. എങ്ങനെയെങ്കിലും അതിൽ പങ്കെടുക്കണമെന്ന പരിശ്രമത്തിലായിരുന്നു അവർ; അധ്വാനിച്ച് പങ്കെടുക്കണമെന്ന്. നിവേദകൻ പറയുന്നു, അവരിൽ ചിലരുടെ പക്കൽ ഇന്ന് ഓരോരോ ലക്ഷം ദർഹമുണ്ട്.

ഇതാണ് ത്യാഗത്തിന്റെ ബർക്കത്ത്. അതുകൊണ്ട്, തങ്ങൾ ഒരുപാട് ദരിദ്രരാണെന്നും, തങ്ങളുടെ അവസ്ഥ ചന്ദ കൊടുക്കാൻ അനുവദിക്കുന്നില്ലെന്നും അതുകൊണ്ട് ചന്ദയിൽനിന്ന് ഒഴിവാക്കണമെന്നും പറയുന്നവർ ചിന്തിക്കേണ്ടതാണ്. അവർ ചന്ദ കൊടുക്കാത്തതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാക്കിസ്ഥാനിലും ദാരിദ്ര്യം അധികമാണ്. പക്ഷേ, അവർ അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്യുത്സാഹത്തോടെ എല്ലാ പദ്ധതികളിലും പങ്കെടുക്കുകയും ചന്ദ നല്കുകയും ചെയ്യുന്നു. പൊതുവെ എല്ലാ പദ്ധതികളിലും വിവിധ ചന്ദകളിലും അവർ തങ്ങളുടെ ഒരു നില സ്ഥാപിച്ചിട്ടുണ്ട്. ഒന്നും രണ്ടും സ്ഥാനം അവർ നിലനിറുത്തി പോരുന്നു. ഇതിനെക്കുറിച്ച് അവസാനം പറയുന്നതാണ്.

പാശ്ചാത്യൻ രാഷ്ട്രങ്ങളിൽ താമസിക്കുന്നവരിൽ - ഭക്ഷണത്തിനുള്ളത് മാത്രം ലഭിക്കുന്നവരൊഴികെ - നല്ല രീതിയിൽ ത്യാഗം ചെയ്യുവാൻ കഴിവുള്ള ഒരുപാട് പേരുണ്ട്; താൽപര്യമുണ്ടാകണമെന്നു മാത്രം. എത്ര പ്രതിഫലമാണ് ലഭിക്കാൻ പോകുന്നതെന്ന അറിവുണ്ടാകുകയാണെങ്കിൽ, എത്ര ബർക്കത്തുകളാണ് ഫള്ലുകളാണ് ലഭിക്കുന്നതെന്ന അറിവുണ്ടാകുകയാണെങ്കിൽ താൽപര്യമുണ്ടാകും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "നേരം പുലരുന്ന ഓരോ ദിവസവും വാനലോകത്ത് നിന്ന് രണ്ടു മലക്കുകൾ ഇറങ്ങിവരാതിരിക്കുകയില്ല. എന്നിട്ട് അവരിൽനിന്ന് ഒരു മലക്ക് പ്രാർത്ഥിക്കും: അല്ലാഹുവേ! ധർമ്മിഷ്ഠന് നീ പ്രതിഫലം നല്കേണമേ! മറ്റേ മലക്ക് പ്രാർത്ഥിക്കും: അല്ലാഹുവേ! പിശുക്കന് നീ നാശം വരുത്തിവയ്ക്കേണമേ!"

മലക്കുകളുടെ പ്രാർത്ഥന പിടിച്ചുപറ്റുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതിനും എപ്പോഴും അധ്വാനിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എങ്ങനെയൊക്കെ ചെലവഴിക്കാൻ കഴിയുമോ, അങ്ങനെയെല്ലാം ചെലവഴിക്കേണ്ടതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി ഒരിക്കൽ തന്റെ ബന്ധത്തിലുള്ള സഹോദരി ഹസ്റത്ത് അസ്മാഅ് ബിൻത് അബൂബക്കറിനെ ഉപദേശിച്ചു: അല്ലാഹുവിന്റെ വഴിയിൽ എണ്ണിയെണ്ണി ചെലവഴിക്കരുത്. അങ്ങനെയായാൽ അല്ലാഹുവും നിനക്ക് എണ്ണിയെണ്ണിയെ തരികയുള്ളു. പിശുക്കു കാണിച്ച് നിന്റെ പണസഞ്ചി കെട്ടിവയ്ക്കരുത്. അങ്ങനെയായാൽ അത് കെട്ടോടുകൂടിത്തന്നെ വയ്ക്കുന്നതാണ്. കഴിവുള്ളത്ര നീ ധർമ്മം ചെയ്തുകൊള്ളുക. അല്ലാഹുവിൽ സർവവും ഭരമേല്പിക്കുക. അല്ലാഹു തന്നുകൊണ്ടേപോകും. ഈ രഹസ്യത്തെക്കുറിച്ച് അറിയുന്ന അഹ്മദികൾ അത്യുത്സാഹത്തോടെ ചന്ദ കൊടുക്കുന്നു. എത്രത്തോളമെന്നാൽ ചിലപ്പോൾ അവരെ തടയേണ്ടിവരുന്നു. പക്ഷേ അവരുടെ മറുപടി, 'നിങ്ങൾ ഞങ്ങളുടെ സഞ്ചികളുടെ വായ കെട്ടിപ്പൂട്ടിവയ്ക്കാനാണോ ആഗ്രഹിക്കുന്നത്, ഞങ്ങൾ അല്ലാഹുവുമായി ഒരു കച്ചവടം നടത്തിയിരിക്കുന്നു. നിങ്ങൾ അതിന്റെ ഇടയിൽ തടസ്സമിടരുത് എന്നാണ്.' ഈ പ്രകടനം ലോകത്ത് എല്ലായിടത്തും കാണാൻ കഴിയുന്നു. അഹ്മദിയ്യാ സമൂഹത്തിലും ജനതയിലും ഇതു കാണേണ്ടതുതന്നെയാണ്. ബലഹീനതയുള്ളവർ ബലഹീനത അകറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

ആഫ്രിക്കയിലെ ദരിദ്രരാഷ്ട്രങ്ങളാണെങ്കിലും സമ്പന്ന രാഷ്ട്രങ്ങളാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ നിലപാട് വ്യക്തമാക്കുന്ന വലിയൊരു വിഭാഗം തന്നെയുണ്ട്. ആഫ്രിക്കയിലെ ദരിദ്ര ജനങ്ങൾ തങ്ങളുടെ മേൽ മറ്റുള്ളവരെക്കൊണ്ട് ചെലവഴിപ്പിക്കുന്നതേയുള്ളു എന്ന് ധരിക്കരുത്. അവരിലും വലിയ വലിയ ഉന്നതമായ ത്യാഗം നിലനാട്ടുന്നവരുണ്ട്. കഴിവിന്നനുസരിച്ച് മറ്റു ചന്ദകൾ നല്കുന്നവരുണ്ട്. ഘാനയിലെ ഒരു ഉദാഹരണം ഞാൻ പറയാം. അവിടെ ഉദാത്തമായ ത്യാഗം വരിക്കുന്നവരുണ്ട്. ഒന്ന് നമ്മുടെ യൂസുഫ് അസ്സൂസെ സാഹിബാണ്. അദ്ദേഹം ലോക്കൽ മിഷണറിയുമായിരുന്നു. ഇപ്പോഴും മിഷണറിതന്നെയാണ്. കുറച്ചു മരുന്നുകളും അദ്ദേഹം ഉണ്ടാക്കാറുണ്ടായിരുന്നു. ചെറുകിടവ്യവസായമായിരുന്നു. രോഗിയുമായിരുന്നു. കാലിൽ ആഴത്തിലുള്ള മുറിവുണ്ടായിരുന്നു. എല്ലുവരെ അതെത്തിയിരുന്നു. വളരെ ബുദ്ധിമുട്ടുസഹിച്ചുപോന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ ദുആയും ചികിത്സയും കൊണ്ട് അല്ലാഹു ഫള്ൽ ചെയ്തു. മുറിവുണങ്ങി. അതിനുശേഷം അദ്ദേഹം ആദ്യത്തെക്കാൾ കൂടുതൽ ജമാഅത്തിന് സേവനം ചെയ്യാൻ തുടങ്ങി. പച്ചമരുന്നുകൾ ഉണ്ടാക്കുന്നതിൽ അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നു. അങ്ങനെ അദ്ദേഹമുണ്ടാക്കിയ മരുന്ന് പ്രസിദ്ധമായി. വ്യവസായം നല്ല നിലയിൽ വിളങ്ങി. അദ്ദേഹത്തിന്റെ ഭാവനയ്ക്കതീതമാംവിധം പണം ഒഴുകാനും തുടങ്ങി. പക്ഷെ, അദ്ദേഹം പണം വന്നപ്പോൾ കുത്തിയിരുന്നില്ല. തന്റെ വാഗ്ദാനമനുസരിച്ച് ജമാഅത്തിനുവേണ്ടി അതിരില്ലാതെ ചെലവഴിച്ചു.

ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയുമാണ്. വിവിധ കെട്ടിടങ്ങളും പള്ളികളും നിർമ്മിച്ചു. ചെറിയ ചെറിയ പള്ളികളല്ല. മനോഹരവും തലയെടുപ്പുള്ളതുമായ പള്ളികളാണ് നിർമ്മിച്ചത്. ഇപ്പോഴും ത്യാഗം ചെയ്യാൻ സദാ തയ്യാറാണ്. കഴിഞ്ഞ വർഷം ഞാൻ അവിടെ പര്യടനത്തിനായി പോയപ്പോൾ, ഏതോ ചെലവിനെ ക്കുറിച്ച് സംസാരമുണ്ടായി. അദ്ദേഹം പറഞ്ഞു: 'ഇതു ഞാൻ ചെയ്യേണ്ടതാണ്.' വ്യവസായ മേഖല ഈയിടെയായി കുറച്ചു തകരാറിലാണ്. അദ്ദേഹ ത്തിനേയും ഇതു ബാധിച്ചിട്ടുണ്ടെന്ന് എനിക്കറിയാ മായിരുന്നു. മറ്റാർക്കെങ്കിലും കൂടി പ്രതിഫലം ലഭി ക്കുന്നതിനുള്ള അവസരം കൊടുക്കാൻ ഞാനദ്ദേ ഹത്തോടു പറഞ്ഞു; എല്ലാം താങ്കൾ സ്വയം ചെയ്തു കൊണ്ടിരിക്കുന്നു. പക്ഷേ, ദീനീപരമായ അറിവുണ്ട്. ഖുർആനിന്റെയും ഹദീസിന്റെയും ജ്ഞാനവുമുണ്ട്. താൻ സഞ്ചിയുടെ വായ മൂടിക്കെട്ടിയാൽ, അത് എന്നേന്നേക്കുമായി മൂടിപ്പോകും എന്നദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടു ഉടനെ പറഞ്ഞു: 'ഇതെന്തായാലും എനിക്കു ചെയ്യേണ്ടതാണ്. മറ്റു ചെലവുകൾ വേറെയുമുണ്ട്. ഞാൻ ആരെയും തട ഞ്ഞിട്ടില്ല. അവർ മുമ്പോട്ടുവന്ന് ചെയ്തോട്ടെ.'

ഒരു ഇബ്റാഹിം മോസസ് സാഹിബുണ്ട്. ഇദ്ദേഹം വലിയ ത്യാഗം ചെയ്യുന്നയാളാണ്. അക്ര യുടെ അടുത്ത് വിലപിടിപ്പുള്ള സ്ഥലത്ത് ഇദ്ദേഹം ജമാഅത്തിന് ഖബ്ർ സ്ഥാനും ബിഹിശിതി മഖ്ബ റയ്ക്കും വേണ്ടി സ്ഥലം വാങ്ങി നല്കി. അവരവ രുടെ ശക്തിയനുസരിച്ച് ത്യാഗം ചെയ്യുന്ന വേറെയും നിരവധി പേരുണ്ട്. മറ്റു രാഷ്ട്രങ്ങളിലും ഇത്തരക്കാ രുണ്ട്. ഇന്തോനേഷ്യയിലും യൂറോപ്പിലും അമേരി ക്കയിലുമുണ്ട്.

ഭൂകമ്പ ബാധിതരെ സഹായിക്കാൻ ഞാനവ രോട് പറഞ്ഞിരുന്നു. ഈയിടെ ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളെ അത് ബാധിച്ചിരു ന്നു. ഒരുപാട് ജീവനഷ്ടമുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് എല്ലായിടത്തും ശക്ത മായ രീതിയിൽ അതിൽ പങ്കെടുത്തു. ലബ്ബൈക്ക് പറഞ്ഞു. മുന്നോട്ടു വന്നു.

അമേരിക്കയിലെ ഒരു ജമാഅത്ത് മുപ്പത്തി യഞ്ച്, മുപ്പത്താറായിരം ഡോളർ സ്വരൂപിച്ചിരുന്നു. അവിടെ തന്നെയുള്ള ഒരാൾ, ഇത്രയും തുക ഞാനും തരാമെന്ന് പറഞ്ഞു. അങ്ങനെ അയാൾ അത്രയും തുകയിട്ട് അതിനെ ഇരട്ടിയാക്കി. മുപ്പത്തിയഞ്ച്, മുപ്പ ത്താറായിരം ഡോളർ ഉടനെ കൊടുത്തു. ജമാഅ ത്തിന് ത്യാഗം ചെയ്ത് ശീലമുള്ളതുകൊണ്ടു മാത്ര മാണിത്. അല്ലാഹു തആല ത്യാഗങ്ങൾക്ക് ഫലം നല്കുമെന്ന് അവർക്കറിയാം. അവൻ തന്റെ വാഗ്ദാ നമനുസരിച്ച് ഫലം തരേണ്ടതു തന്നെയാണ്.

ഹസ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു: "നബി(സ) ഒരിക്കൽ ഈദ് നമ സ്കരിപ്പിച്ചു. അവിടന്ന് എഴുന്നേറ്റുനിന്നു. പിന്നീട് ജന ങ്ങളെ സംബോധന ചെയ്തു. അതുകഴിഞ്ഞപ്പോൾ അവിടന്ന് മിമ്പറിൽ നിന്നിറങ്ങി. സ്ത്രീകളുടെ ഭാഗ ത്തേക്കുപോയി. അവരെ ഉപദേശിച്ചു. ബിലാൽ (റ)ന്റെ തോളിൽ പിടിച്ചാണ് അപ്പോൾ അവിടന്ന് പോയത്. ഹസ്റത്ത് ബിലാൽ(റ) തുണി വിരിച്ചുപി ടിച്ചിരുന്നു. അതിൽ സ്ത്രീകൾ സദഖകൾ ഇട്ടുകൊ ണ്ടിരുന്നു."

ഇസ്ലാമിൽ ധനത്യാഗത്തിനുള്ള ഉദാഹരണം പുരുഷന്മാരിൽ മാത്രം പരിമിതമല്ല. ഈ പ്രിയങ്കര മായ പാഠവും ഈമാനിന്റെ ആവേശവുംകൊണ്ട് സ്ത്രീകളും സാമ്പത്തിക ത്യാഗങ്ങളിൽ ആവേശ ത്തോടെ പങ്കെടുത്തിരുന്നു. പങ്കെടുക്കുകയും ചെയ്യു ന്നു. അവരവരുടെ ആഭരണങ്ങൾ ഊരിയൂരി എറി ഞ്ഞുകൊണ്ടിരുന്നു. ഇന്ന് ആദിമവിശ്വാസികളുമായി ചേരുന്നവരിലും ഇതേ മാതൃക നാം കാണുന്നു. സ്ത്രീകൾ അവരുടെ ആഭരണങ്ങൾ ഊരി സമർപ്പി ക്കുന്നു. സ്ത്രീകൾ അവരുടെ താൽപര്യത്തിന് പറഞ്ഞ് ഉണ്ടാക്കുന്ന ആഭരണങ്ങൾ ഉപേക്ഷിക്കുക എന്നത് ദുഷ്ക്കരമാണ്. പക്ഷെ, അഹ്മദി സ്ത്രീകൾ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള ഉത്തമമായ മാർഗം തങ്ങൾ ഇഷ്ടപ്പെട്ട വസ്തുക്കൾ സമർപ്പണം ചെയ്യുന്നതിലാണെന്ന് ദൃഢമായും വിശ്വ സിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഇംഗ്ലണ്ടിലെ പള്ളിയിൽ, തഹ്രീകെ ജദീദ് തുടങ്ങിയവയിൽ കഴിഞ്ഞു കടന്ന പുണ്യാത്മാക്കളുടെ രജിസ്റ്റർ തുറ ക്കുന്നതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. അപ്പോൾ അഹ്മദീ സ്ത്രീകളും തങ്ങളുടെ ആഭര ണങ്ങൾ സമർപ്പിക്കുകയുണ്ടായി. തങ്ങളുടെ ആഭര ണങ്ങളിൽ ഉത്തമമായ വൻ വിലപിടിപ്പുള്ള ആഭരണ സെറ്റുകൾ സമർപ്പിച്ചു. ഇതാണ് അഹ്മദിയുടെ ആത്മാർത്ഥത. '*ലൻതനാലുൽ ബിർറഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*' എന്ന പാഠമനുസ രിച്ച് പ്രവർത്തിക്കുന്നു. ഏറ്റവും ഇഷ്ടപ്പെട്ട വസ്തു ക്കൾ ദൈവവഴിയിൽ സമർപ്പിക്കുന്നു. പുരുഷന്മാ രോടൊപ്പം സ്ത്രീകളുടേയും ഈമാൻ ഇതുതന്നെ യാണ്. ഇക്കാര്യങ്ങൾ കണ്ടുകൊണ്ട് ജമാഅത്തിൽ ആത്മാർത്ഥത കുറവുണ്ടെന്ന് ആർക്കാണ് പറയാൻ കഴിയുക? അതേ, ഓർമ്മിപ്പിച്ചുകൊണ്ടിരിക്കേണ്ടിവ രുന്നു. അതു ചെയ്തുകൊണ്ടിരിക്കുകയും വേണം. അതിന് കല്പനയുമുണ്ട്.

വഖ്ഫെ ജദീദിനെ സംബന്ധിച്ച് അഹ്മദി ഉമ്മ മാരോട് ഞാൻ പറയുന്നു. നിങ്ങളിലുള്ള ഈ ത്യാഗ ത്തിന്റെ ശീലം, അത്യുത്സാഹത്തോടെയുള്ള സ്വന്തം ആഭരണങ്ങൾ സമർപ്പിക്കൽ, ഇതെല്ലാം നിങ്ങളുടെ വലിയവരായ ആളുകൾ നിങ്ങൾക്കു നല്കിയ നല്ല തർബിയ്യത്തിന്റെ ഫലമാണ്. ഒന്നോ രണ്ടോ ഒഴികെ, ഏതൊരു വീട്ടിലാണോ സാമ്പത്തിക ത്യാഗത്തിന്റെ ശീലമുള്ളത്, അവരുടെ കുട്ടികളും ത്യാഗ രംഗത്ത് മുന്നോട്ടു ഗമിക്കുന്നവരായിരിക്കും. അതുകൊണ്ട് അഹ്മദീ ഉമ്മമാർ തങ്ങളുടെ കുട്ടികളിൽ ചന്ദ കൊടു ക്കുന്ന ശീലമുണ്ടാക്കുന്നതിനുവേണ്ടി വഖ്ഫെ ജദീ ദിൽ ചേർക്കുക. ഹസ്റത്ത് ഖലീഫത്തുൽ മസീഹ്

സാലിസ് (റഹ്) പാക്കിസ്ഥാനിൽ വഖ്ഫെ ജദീദ് പദ്ധതി കുട്ടികളുടെ ബാധ്യതയാക്കിയിരുന്നു. അക്കാലം മുതൽ അവിടെ കുട്ടികൾ പ്രത്യേക താൽപര്യത്തോടെ ഈ ചന്ദ കൊടുത്തുവന്നു. മറ്റു രാഷ്ട്രങ്ങളും പ്രത്യേകിച്ച് അത്ഫാലുൽ അഹ്മദിയ്യായേയും നാസിറാത്തുൽ അഹ്മദിയ്യാ യേയും ഇങ്ങനെയാക്കുകയാണെങ്കിൽ പങ്കെടുക്കു ന്നവരുടെ അംഗങ്ങളുടെ എണ്ണം വർധിക്കുന്നതോ ടൊപ്പം ചന്ദയിലും വർധനയുണ്ടാകും. ത്യാഗമനോ ഭാവ വികാരം വളർത്തുക എന്ന പരമമായ ഉദ്ദേശ്യം ലഭ്യമാകുകയും ചെയ്യും. ഇൻശാഅല്ലാഹ്. ഉമ്മമാരും പോഷക സംഘടനകളും ഒത്തൊരുമിച്ച് ശ്രമിച്ചാൽ, ശരിയായ നിലയിൽ ശ്രമിച്ചാൽ നിഷ്പ്രയാസം ഇന്നത്തെ അംഗസംഖ്യയിൽ നിന്ന് ആറു ലക്ഷം വർധനയുണ്ടാക്കാൻ കഴിയുന്നതാണ്. ഏകദേശം നാലുലക്ഷം എന്ന ഇന്നത്തെ അംഗസംഖ്യ പത്തുല ക്ഷമാക്കാൻ കഴിയും. ഞാനിതു സംബന്ധിച്ച് പിന്നീട് പറയുന്നതാണ്.

പുരുഷന്റെ സമ്പാദനത്തിൽ നിന്ന് സ്ത്രീകൾ സദഖ കൊടുക്കുന്നതു പോലെ - അതിൽ പുരു ഷനും പ്രതിഫലം കിട്ടുന്നതാണ് - നിങ്ങളുടെ കുട്ടി കളെ ഈ ത്യാഗത്തിൽ പങ്കെടുപ്പിക്കുമ്പോൾ നിങ്ങൾക്കും പ്രതിഫലം കിട്ടുന്നതാണ്. അല്ലാഹു തആല നിയ്യത്തുകൾ അറിയുകയും അതിന് പ്രതി ഫലം നല്കുകയും ചെയ്യുന്നു. കുട്ടികൾക്ക് ശീലമു ണ്ടായിക്കഴിഞ്ഞാൽ, അവർ സ്ഥിരമായി ചന്ദ കൊടു ക്കുന്ന കുട്ടികളായിത്തീരും. അതിനുശേഷം ചന്ദ കൊടുക്കുന്ന ശീലം നിലനില്ക്കുന്നതാണ്. അങ്ങനെ ഇത് ഉമ്മായ്ക്കും ബാപ്പായ്ക്കും ഒരു സദഖ ജാരിയാ ആയിത്തീരും.

നബി(സ) തിരുമേനിയുടെ ഉപദേശങ്ങൾ അനു സരിച്ച് പ്രവർത്തിക്കുന്നതിന്റെ മാതൃക, ത്യാഗങ്ങ ളിൽ ഒരാൾ മറ്റൊരാളെക്കാൾ മുന്നിൽക്കടന്ന് പങ്കെ ടുക്കുന്ന മാതൃക, ഹസ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച ആഖിരീനിലെ ഈ ജമാഅത്തിലും നമുക്കു കാണാൻ കഴിയുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബിമാർ സ്ഥാപിച്ച ത്യാഗങ്ങളുടെ മാതൃകയും അത്ഭുതകര മാണ്. ത്യാഗങ്ങളുടെ കാഴ്ച ഇന്നും നമുക്കു കാണാൻ കഴിയുന്നത് - ഇതു വലിയവരുടെ തർബി യ്യത്തിന്റെ സ്വാധീനമാണെന്ന് ഞാൻ പറഞ്ഞിരുന്നു - ഇത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാ ബത്ത് തങ്ങളുടെ കുട്ടികൾക്കു നല്കിയ തർബിയ്യ ത്തിന്റെയും അവർക്കുവേണ്ടി ചെയ്ത ദുആ യുടെയും ഫലമാണ്. എല്ലാത്തിനെക്കാളുപരി ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തി നുവേണ്ടി ചെയ്ത ദുആകളുടെ ഫലമാണ്. ഏതൊരു വേദനയോടുകൂടി അവിടന്ന് തന്റെ ജമാഅത്തിന് തർബിയ്യത്ത് കൊടുക്കാൻ പരിശ്രമിച്ചിരുന്നുവോ, അതിനെക്കുറിച്ചുള്ള വിവരണം ഹുസൂർ(അ)ന്റെ എഴുത്തുകളിൽ പലയിടങ്ങളിലും കാണാൻ കഴിയും. ഉള്ളുരുക്കത്തോടുകൂടി അവിടന്ന് തന്റെ ജമാഅ ത്തിന്റെ നിലവാരം മികച്ചതാക്കിത്തീർക്കാനും തഖ്വയുടെ ഉന്നതമായ നില സ്ഥാപിക്കാനുംവേണ്ടി ദുആ ചെയ്തിരുന്നതിന്റെ ഫലമാണ് നാം ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നിർജീവമായ മരം ആ ദുആകൊണ്ട് പച്ചപ്പുള്ളതായിത്തീരുന്നു. ഇവ രിൽ പുണ്യാത്മാക്കളുടെ മക്കളും പുതിയതായി വരു ന്നവരും പെടുന്നു. അങ്ങ് ദൂരെയുള്ള ഒരു മനുഷ്യൻ ക്രിസ്തുമതത്തിൽനിന്ന് ഇസ്ലാം മതം സ്വീകരിക്കു ന്നു. പിന്നീട് ത്യാഗത്തിൽ ആരെയും കവച്ചുവ യ്ക്കാൻ അനുവദിക്കാത്തവിധം മുന്നോട്ടു കുതി യ്ക്കുന്നു. ഇതെല്ലാം തന്നെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പരിശുദ്ധമായ ശക്തിപ്രഭാവത്തി ന്റെയും പ്രാർത്ഥനയുടെയും ഫലമാണ്. അവിടത്തെ കാലത്താണ് ഈ ത്യാഗ നിലവാരത്തിന് മികച്ച അടി ത്തറ വീണത്. തുടർന്ന് ഉണർവുണ്ടായിക്കൊണ്ടേ യിരിക്കുന്നു. അതുകൊണ്ട് ആ നിലവാരം നിലനിറുത്തണമെങ്കിൽ അക്കാലത്ത് ഉന്നതമായ നില വാരം നിലനിർത്തിയവരേയും ഈ പരിശുദ്ധമായ ശക്തികൊണ്ട് ഉള്ളിൽ മാറ്റം ഉണ്ടാക്കിത്തീർത്തവ രേയുംക്കുറിച്ച് സ്മരിക്കപ്പെടണം; ആ പുണ്യാത്മാ ക്കൾക്കുവേണ്ടി ദുആചെയ്യാനും, ആ പരിശുദ്ധമായ മാതൃക നാം നമ്മുടെ ഉള്ളിൽ മാത്രം നിലനിറുത്താ തെ നമ്മുടെ മക്കളുടെ ഉള്ളിലും നിലനിറുത്തേണ്ടതാ ണെന്നുള്ള ബോധം നമുക്കുണ്ടായിതീരുന്നതിനും വേണ്ടി. ആ പരിശുദ്ധമാതൃകയ്ക്ക് ഉടമകളായ ചിലരെക്കുറിച്ച് ഞാൻ പറയുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അപ്രകാരം തന്നെ മുബാഹലയ്ക്കുശേഷം ഹിബ്ബിഫി ല്ലാഹ് ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ് നമ്മുടെ ദർവേശ് ഖാനയുടെ ഒരുപാട് സാമ്പത്തിക ഭാരം വഹിക്കുകയുണ്ടായി ഈ ത്യാഗത്തിൽ ശേയ്ഖ് സാഹിബിനുശേഷം രണ്ടാമത്തെ സ്ഥാനത്തുള്ളത് സേട്ട് സാഹിബ് (ഹാജി സേട്ട് അബ്ദുൽറഹ്മാൻ അല്ലാരഖാസാഹിബ്, മദ്രാസിലെ വ്യാപാരിയായിരു ന്നു.) ആണെന്നു ഞാൻ കരുതുന്നു. സ്നേഹത്തിലും ആത്മാർത്ഥതയിലും അദ്ദേഹം നിറഞ്ഞിരുന്നു. ശേയ്ഖ് സാഹിബ് ഈ വഴിയിൽ രണ്ടായിരത്തി ലധികം രൂപ തന്നുകഴിഞ്ഞിട്ടുണ്ടാവണം. എല്ലാരീതി യിലും അദ്ദേഹം സേവനം ചെയ്യാൻ സന്നദ്ധനാണ്. (അക്കാലത്ത് രണ്ടായിരത്തിന് നല്ല വിലയുണ്ടായിരു ന്നു.) ഇപ്പോൾ കഴിവിനെക്കാളും ശക്തിയേക്കാളു മധികം സേവനത്തിൽ നിരതനാണ്.

അപ്രകാരം തന്നെ എന്റെ ആത്മാർത്ഥരായ ചില സുഹൃത്തുക്കൾ മുബാഹലയ്ക്കുശേഷം ഈ ദർവേശ് ഖാനയിലെ അധികമായ ചെലവ് കണ്ട് തങ്ങളുടെ ചെറിയ ചെറിയ ശംബളത്തിൽ നിന്ന്, ഇതിനുവേണ്ടി വിഹിതം നിശ്ചയിച്ചിരുന്നു. എന്റെ ആത്മാർത്ഥ സുഹൃത്ത് മുൻശി റുസ്തം അലി സാഹിബ് (കോർട്ട് ഇൻസ്പെക്ടർ ഗുരുദാസ്പൂർ) തന്റെ ശംബളത്തിൽ നിന്ന് മൂന്നിലൊരു ഭാഗം

അതായത് 20 രൂപ മാസം തന്നുകൊണ്ടിരുന്നു. അക്കാലത്ത് അത് വലിയ തുകയായിരുന്നു.

നോക്കുക. സ്വയം ഞെരുങ്ങിക്കൊണ്ട് ത്യാഗം ചെയ്യുന്ന രീതിയാണിത്. അതാണ് തുടങ്ങിവെച്ചത്. നബി(സ) തിരുമേനിയുടെ സ്വഹാബത്തിലുണ്ടായിരുന്ന മാതൃക പുനഃസ്ഥാപിച്ചു.

മറ്റൊരുകാര്യം പറഞ്ഞുകൊണ്ട് പറയുന്നു: ഞാനെന്റ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർത്ഥതയിലും അത്ഭുതപ്പെടുകയാണ്. അവരിൽ എന്റെ ഗ്രാമത്തിനടുത്ത് താമസിക്കുന്ന അങ്ങേയറ്റം ദരിദ്രരായ മൂന്ന് സഹോദരന്മാരാണ് മിയാ ജമാലുദ്ദീൻ, ഖയറുദ്ദീൻ, ഇമാമുദ്ദീൻ കാശ്മീരി എന്നിവർ. അവർക്ക് ദിവസവും മൂന്നണയോ നാലണയോ ആണ് കൂലി കിട്ടുന്നത്. അവർ ചുറുചുറുക്കോടെ മാസം നല്കുന്ന ചന്ദയിൽ പങ്കാളികളാണ്. (ഇന്ന് അവരുടെ മക്കൾ ലക്ഷങ്ങൾ കൊണ്ടാണ് കളിക്കുന്നത്.)

അവരുടെ സുഹൃത്ത് വില്ലേജ് രജിസ്ട്രാർ മിയാ അബ്ദുൽ അസീസിന്റെ ആത്മാർത്ഥതയിലും ഞാൻ അത്ഭുതപ്പെടുന്നു. നിത്യവൃത്തിക്ക് വളരെ ബുദ്ധിമുട്ടുണ്ടായിട്ടും ഒരു ദിവസം അദ്ദേഹം നൂറു രൂപ തന്നു. (അദ്ദേഹത്തിന് മറ്റുവരുമാനമാർഗ്ഗം ഇല്ലാതിരുന്നിട്ടും നൂറുരൂപകൊടുത്തു.) അദ്ദേഹം പറഞ്ഞു: 'ഞാൻ ആഗ്രഹിക്കുന്നത് ഇത് ദൈവമാർഗ്ഗത്തിൽ ചെലവഴിക്കണമെന്നാണ്.'

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നൂറുരൂപ ആ സാധു നിരവധി വർഷംകൊണ്ട് സ്വരൂപിച്ചതായിരിക്കാമെന്ന് ഞാൻ കരുതുന്നു. എന്നാൽ അല്ലാഹുവിനുവേണ്ടി മാത്രമുള്ള അദ്ദേഹത്തിന്റെ ആവേശം അല്ലാഹുവിന്റെ തൃപ്തിയെ ആവേശം കൊള്ളിച്ചു.

മിനാരത്തുൽ മസീഹിന്റെ നിർമ്മാണ പ്രവർത്തനം നടക്കുമ്പോൾ ഉണ്ടായ സംഭവമാണ്. പറഞ്ഞു: അക്കാലത്ത് എന്റെ ജമാഅത്തിലെ രണ്ട് മുഖ്‌ലിസായ വ്യക്തികൾ ഇതിലേക്ക് ചന്ദ തന്നു. അത് മറ്റു സഹോദരങ്ങൾക്ക് അസൂയയ്ക്കു കാരണമാണ്. അവരിൽ ഒരാൾ മുൻശി അബ്ദുൽ അസീസ്, ഗുരുദാസ്പൂർ ജില്ലയിൽ വില്ലേജ് രജിസ്ട്രാർ ആണ്. അദ്ദേഹം അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടായിട്ടും നൂറു രൂപ തന്നു. അദ്ദേഹം അത് പലവർഷങ്ങൾ കൊണ്ട് സ്വരൂപിച്ചതായിരിക്കാമെന്ന് ഞാൻ കരുതുന്നു. ഇപ്പോൾ അദ്ദേഹം മറ്റൊരുപ്രവർത്തനത്തിലേക്കും നൂറുരൂപ ചന്ദനൽകിയിരിക്കുന്നുവെന്നതും അത്ഭുതകരമായ കാര്യമാണ്. അദ്ദേഹം തന്റെ കുടുംബാംഗങ്ങളേയും ഇക്കാര്യത്തിൽ ഗൗനിച്ചില്ല, ചന്ദ നൽകി.

രണ്ടാമത്തെ ആത്മാർത്ഥസുഹൃത്ത് ഇപ്പോൾ വലിയ പൗരുഷം കാണിച്ചിരിക്കുന്നു. സിയാൽകോട്ട് വാസിയും വിറകുകച്ചവടക്കാരനുമായ മിയാ ശാദിഖാൻ ആണത്. ആ പ്രവർത്തനത്തിലേക്കു തന്നെ അദ്ദേഹം ഇപ്പോഴും 150 രൂപ ചന്ദ കൊടുത്തു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വീണ്ടും ഇരുന്നൂറുരൂപ അയച്ചിരിക്കുന്നു. അദ്ദേഹം എത്രമാത്രം ബുദ്ധിമുട്ടുള്ള ആളാണെന്നുവെച്ചാൽ അദ്ദേഹത്തിന്റെ വീട്ടിലുള്ള സാധനങ്ങൾ മുഴുവൻ നോക്കിയാലും അതിന്റെ മൊത്തം വില ഒരു പക്ഷേ അമ്പതുരൂപയിൽ കവിയുകയില്ല. പക്ഷേ 200 രൂപ ചന്ദകൊടുത്തു. അദ്ദേഹം തന്റെ കത്തിലെഴുതിയിരുന്നു. വരൾച്ചയുടെ നാളുകളാണ്. ഭൗതിക കച്ചവടത്തിൽ വ്യക്തമായ നാശം കാണുന്നു. അതുകൊണ്ട് ആത്മീയ കച്ചവടം നടത്തുന്നത് ഉന്നതമായിരിക്കുമെന്ന് കരുതുന്നു. അതുകൊണ്ട് കയ്യിലുള്ളതെല്ലാം അദ്ദേഹം അയച്ചിരുന്നു. ഹസ്റത്ത് അബൂബക്കർ(റ) ചെയ്ത അതേ പ്രവൃത്തി തന്നെയാണ് വസ്തവത്തിൽ ഇദ്ദേഹവും ചെയ്തത്.

ഹിബ്ബിഫില്ലാഹ് മിയാ അബുൽഹഖ് സാഹിബ്. ഇദ്ദേഹം ഒന്നാമത്തെ ദർജയിലുള്ള ആത്മാർത്ഥതയും സത്യമായ സഹതാപവും അല്ലാഹുവിനുവേണ്ടി സ്നേഹിക്കുന്നയാളും സാധു സുഹൃത്തും നിർധന പ്രകൃതിയുമുള്ളയാളാണ്. ലോകാരംഭം മുതൽ ദീനിന് ദരിദ്രരോട് ബന്ധമുണ്ട്. കാരണം ദരിദ്രർ അഹങ്കരിക്കുകയില്ല. അവർ തികഞ്ഞ താഴ്മയോടെ സത്യത്തെ സ്വീകരിക്കുന്നു.

ഞാൻ സത്യമായും സത്യമായും പറയുന്നു. ദരിദ്രരായ ആളുകൾ പൂർണ്ണമായും കരസ്ഥമാക്കുന്ന ഈ സൗഭാഗ്യത്തിന്റെ പത്തിലൊന്നുപോലും കരസ്ഥമാക്കുന്ന ആളുകൾ സമ്പന്നരിൽ വളരെ കുറവാണ്.

മിയാ അബ്ദുൽഹഖ് സാമ്പത്തിക കഴിവൊന്നുമില്ലെങ്കിലും ആത്മാർത്ഥതയോടുകൂടി ഒരു സത്യവാനായ പ്രേമിയെപ്പോലെ അല്ലാഹുവിനുവേണ്ടി സേവനം ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ ഈ സേവനങ്ങൾ '*വ യുഅ്സിറൂന അലാഅൻഫുസിഹിം വലവ് കാനബിഹിം ഖസ്വാസഃ*' തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിൽപോലും അവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു (59:10) എന്ന വചനത്തെ അന്വർത്ഥമാക്കുന്നു.

ഇവരാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് ഉണ്ടായിരുന്നത്. ഇവരുടെ ചെറിയ ചെറിയ ത്യാഗങ്ങൾ കൊണ്ട്, മഞ്ഞുതുള്ളികൾ കൊണ്ട് മരം ഫലങ്ങളാൽ സമൃദ്ധമായിരുന്നു. അവരുടെ കർമ്മങ്ങളുടെ മരവും ഫലങ്ങളാൽ സമൃദ്ധമായിരുന്നു. ജമാഅത്തും ആ ത്യാഗങ്ങൾ കാരണത്താൽ ഫല സമൃദ്ധമായിരുന്നു.

ഹസ്റത്ത് ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി എഴുതുന്നു. ലങ്കർഖാനയ്ക്കുവേണ്ടി പെട്ടെന്ന് സഹായം അയച്ച മുഖ്‌ലിസീങ്ങളിൽ ഒരാൾ, വില്ലേജ് രജിസ്ട്രാറായ ചൗധരി അബ്ദുൽഹഖ് സാഹിബായിരുന്നു. അദ്ദേഹം നേരിട്ട് ഗുരുദാസ്പൂരിൽ വന്നു. ആര്യസമാജക്കാരന്റെ വീട്ടിൽ നിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) താഴെ ഇറങ്ങുകയായിരുന്നു. ഗോവണിയിൽ പകുതിസ്ഥലത്തുവെച്ച് കണ്ടുമുട്ടി. നൂറുരൂപയുടെ ഒരു വെള്ളിത്തുട്ട് മടിയിൽ നിന്നെടുത്തുകൊടുത്തു. ഇതു ഹസ്റത്ത്

മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ തുടർച്ചയായിരിക്കാം. ഹുസൂറിന്റെ കത്തുവന്നു. എന്റെ കൈയിൽ ഇതുമാത്രമേ ഉണ്ടായിരുന്നുള്ളു. അത് ലങ്കർഖാനയുടെ സഹായത്തിനായി നൽകുകയാണ്. ഖാസി മുഹമ്മദ് യൂസുഫ് സാഹിബാണ് ഇതെഴുതുന്നത്. വില്ലേജ് രജിസ്ട്രാർക്ക് ആനാളിൽ വെറും ആറുരൂപയായിരുന്നു മാസ ശംബളം. (ആറു രൂപ മാസശംബളമുള്ളയാൾ നൂറുരൂപ ചന്ദ കൊടുക്കുന്നു.) ഇതിൽ അസൂയതോന്നി. അല്ലാഹുതആല അദ്ദേഹത്തിന്റെ ആത്മാർത്ഥതയ്ക്കുപകരം ഒരുപാട് ഫള്ല് ചെയ്തു.

ഇതായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബത്തിന്റെ മാതൃക. അവർ ആദ്യ വിശ്വാസികളുമായി (നബിയുടെ സ്വഹാബത്ത്) ചേരുന്നതിനുവേണ്ടി സ്വയം ഞെരുക്കത്തെ സ്വീകരിച്ചു. അങ്ങനെ ത്യാഗങ്ങൾ വരിച്ചു.

ഹസ്റത്ത് ഖാസി യൂസുഫ് സാഹിബ് ഇത്തരം മറ്റൊരു സംഭവം വിവരിക്കുന്നു. ഞാനാദ്യം ഗുരുദാസ്പൂരിൽ നിന്നപ്പോൾ ഒരു സംഭവമുണ്ടായി. ഒരിക്കൽ ഹസ്റത്ത് അബ്ദുൽകരീം സാഹിബ് ഹസ്റത്ത് അഹ്മദിനോട് (ഹസ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാം) ചോദിച്ചു. ഹുസൂർ, ലങ്കറിലെ ആളുകൾ പറയുന്നു, ചെലവിനുള്ള പണമെല്ലാം തീർന്നുവെന്ന്; മുഖ്ലിസായ ചിലരെ അറിയിക്കാൻ ഹസ്റത്ത് സാഹിബ് പറഞ്ഞു. അങ്ങനെ ചിലർക്ക് കത്തെഴുതി. മുഖ്ലിസായവരുടെ മറുപടിയും പണവും കിട്ടി. അതിൽ ഒരു സംഭവം എനിക്കോർമവരുന്നുണ്ട്. വസീറാബാദിലെ ശേയ്ഖ് ഖാൻദാൻ, അദ്ദേഹം മുഖ്ലിസായ അഹ്മദിയായിരുന്നു. കത്തുകിട്ടിയ നേരത്ത് അദ്ദേഹത്തിന്റെ യുവാവായ ഒരു മകൻ പ്ലേഗുബാധിച്ചുമരിച്ചിരുന്നു. അവന്റെ സംസ്കാരചടങ്ങിന് 200 രൂപ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. അദ്ദേഹം ആ സമയത്തുതന്നെ ഒരുകത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ) നെഴുതി. അല്ലാഹുവിന്റെ മസീഹിനുവേണ്ടി ത്യാഗം ചെയ്യുന്ന ധനം അനുഗൃഹീതമാണ്. പിന്നീടെഴുതി: 'എന്റെ യുവാവായ മകൻ പ്ലേഗുബാധിച്ച് മരിച്ചിരിക്കുന്നു. ഞാനവന്റെ സംസ്കാരചടങ്ങിനായി 200 രൂപ നിശ്ചയിച്ചിരുന്നു. അതു ഞാൻ അയച്ചുതരികയാണ്. മകനെ അവന്റെ വസ്ത്രത്തിൽ തന്നെ ഖബറടക്കുകയാണ്.'

ഹസ്റത്ത് മസീഹ്മൗഊദ്(അ) ന്റെ ശിഷ്യൻമാരുടെ മനസ്സിൽ മസീഹ് മൗഊദ്(അ)നു വേണ്ടി അല്ലാഹു നിക്ഷേപിച്ച ആത്മാർത്ഥതയായിരുന്നു ഇത്. അത് ജമാഅത്തിനുവേണ്ടിയായിരുന്നു. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരുന്നു. ഖാസി സാഹിബ് എഴുതുന്നു. ഇവരാണ് *വ ആഖിരീന മിൻഹും ലമ്മായൽ ഹഖൂബിഹിം* എന്ന ആയത്തനുസരിച്ച്, എന്നെ പ്രാപിച്ചവർ സ്വഹാബത്തിനെ പ്രാപിച്ചു എന്നതിന്റെ സാക്ഷാത്കാരമായി നിശ്ചയിക്കപ്പെട്ടത്. എത്രയധികം ത്യാഗങ്ങൾ അവർ വരിച്ചു. ഇതിന്റെ ഉദാഹരണം എങ്ങും നിങ്ങൾക്കുകിട്ടുകയില്ല. എവിടെയെങ്കിലും നിങ്ങൾക്കുകാണാൻ കഴിഞ്ഞാൽ അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ മാത്രമായിരിക്കും. അവരുമായി ഇത് പ്രത്യേകപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഹാഫിസ് മുഈനുദ്ദീൻ സാഹിബിന്റെ ത്യാഗത്തെക്കുറിച്ച് പറയുന്നുണ്ട്. ജമാഅത്തിന്റെ സേവനത്തിനായി ത്യാഗം ചെയ്യുക എന്നത് അദ്ദേഹത്തിന്റെ അഭിനിവേശമായിരുന്നു. സ്വയം അങ്ങേയറ്റം ഞെരുക്കത്തോടെയാണ് ജീവിതം കഴിച്ചിരുന്നത്. വികലാംഗനായിരുന്നു. അതുകൊണ്ട് ജോലിയെടുത്തു ജീവിക്കാൻ കഴിഞ്ഞിരുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പഴയ സേവകനെന്നുകരുതി ചിലർ സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി അദ്ദേഹത്തോട് പെരുമാറുകയും എന്തെങ്കിലുമൊക്കെ കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഹാഫിസ് സാഹിബ് ഇങ്ങനെ കിട്ടുന്ന പണം ഒരിക്കലും തന്റെ വ്യക്തിഗതമായ കാര്യത്തിന് വേണ്ടി ചെലവഴിക്കുമായിരുന്നില്ല. മറിച്ച് ജമാഅത്തിന്റെ സേവനത്തിനായി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് കൊടുക്കുമായിരുന്നു. അദ്ദേഹം പങ്കെടുക്കാത്ത ജമാഅത്തിന്റെ ഒരു പദ്ധതിയുമുണ്ടായിരുന്നില്ല; ഒരു പൈസയാണെങ്കിൽ തന്നെയും. ഹാഫിസ് സാഹിബിന്റെ വ്യക്തിപരമായ ജീവിതം കണക്കിലെടുക്കുമ്പോൾ അദ്ദേഹത്തിന്റെ ഈ സേവനം നിസ്സാരമല്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്ത ചിലമഹാത്മാക്കളുടെ ചരിത്രമാണിത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാമ്പത്തികത്യാഗവുമായി ബന്ധപ്പെട്ട ഒരു ഉദ്ധരണി കേൾപ്പിക്കാം.

"എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ! ഞാൻ നിങ്ങൾക്ക് ദൃഢമായും ഉറപ്പുതരുന്നു. എന്റെ ആളുകളോടു സഹാനുഭൂതിയോടുകൂടി പെരുമാറാനുള്ള സത്യമായ അഭിനിവേശം എനിക്ക് അല്ലാഹു നൽകിയിരിക്കുന്നു. നിങ്ങളുടെ ഈമാനിന്റെയും ഇർഫാനിന്റേയും അഭിവൃദ്ധിയ്ക്കായി സത്യമായ ഈശ്വരജ്ഞാനം എനിയ്ക്ക് നല്കപ്പെട്ടിരിക്കുന്നു. ഈ ഈശ്വരജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അത്യാവശ്യമാണ്. അതിനുവേണ്ടി ഞാൻ സന്നദ്ധനായി നിൽക്കുന്നു. നിങ്ങൾ നിങ്ങളുടെ പവിത്രമായ ധനങ്ങളിൽനിന്ന്, നിങ്ങളുടെ ദീനീകാര്യങ്ങൾക്കായി സഹായം നൽകുക. അല്ലാഹു നൽകിയ കഴിവും ശക്തിയും അനുസരിച്ച് ഈ വഴിയിൽ ചെലവഴിക്കുന്നതിന് ആരും മടികാണിക്കരുത്. അല്ലാഹുവിനേക്കാളും അവന്റെ റസൂലിനേക്കാളും നിങ്ങളുടെ ധനത്തെ നിങ്ങൾ മുന്തിക്കരുത്. പിന്നീട് എന്റെ കഴിവനുസരിച്ച് ഗ്രന്ഥരചനയിലൂടെ അല്ലാഹുവിന്റെ പവിത്രമായ ചൈതന്യം എനിക്കുനൽകിയ അറിവുകളേയും അനുഗ്രഹങ്ങളേയും എഷ്യൻ യൂറോപ്യൻ രാഷ്ട്രങ്ങളിൽ പരത്തുന്നതാണ്."

അതുകൊണ്ട് നിങ്ങളുടെ ഈ സത്യമായ അഭി

നിവേശവും സത്യമായ തിളപ്പും അതിനുവേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനകളും ഇന്ന് നൂറുവർഷങ്ങൾക്കുശേഷവും ആത്മാർത്ഥതയുടെയും കൂറിന്റെയും മാതൃകകൾ കാണിച്ചുകൊണ്ടിരിക്കുന്നു. ഇതു കൂടാതെ മനഃപരിശുദ്ധിയാർജിക്കാൻ സാധ്യമല്ല. ഹൃദയപരിശുദ്ധി ത്യാഗങ്ങളിലൂടെയാണ് ജന്മം കൊള്ളുന്നത്. ചെലവുകൾ എങ്ങനെ നടക്കും എന്നതിനെക്കുറിച്ച് ഒരു ചിന്തയും ഹസ്റത്ത് മസീഹ് മൗഊദ്(അ) ന് ഉണ്ടായിരുന്നില്ല. അവിടന്ന് പറയുന്നു. അല്ലാഹു അവസാനം തീരുമാനിച്ചതനുസരിച്ചാണ് ഈ ജമാഅത്ത് തന്റെ കൈകൊണ്ട് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. അവൻ തന്നെയാണ് ഇതിന്റെ സംരക്ഷകനും സഹായിയും. എന്നാൽ, തന്റെ ദാസരെ പ്രതിഫലത്തിനർഹരാക്കിതീർക്കാൻ അവൻ ആഗ്രഹിക്കുന്നു. ഈ പ്രതിഫലം കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതും ത്യഗങ്ങളുടെ നിലവാരം സ്ഥാപിക്കാനും, ജമാഅത്തിന്റെ വിവിധ പദ്ധതികളിൽ പങ്കെടുക്കാനും പറയുന്നതും. അല്ലാഹുതആല എല്ലാവർക്കും ഈ നിലവാരം പുലർത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

വഖ്ഫെജദീദിന്റെ 47-ാം വർഷം ഡിസംബർ 31ന് അവസാനിക്കുകയും ജനുവരി 1ന് 48-ാം വർഷം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ കുറച്ചുകണക്കുകൾ പറയുകയും പുതുവർഷം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

റിപ്പോർട്ടുകളനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ മൊത്തം പിരിഞ്ഞുകിട്ടിയ തുക 19,76,000(പത്തൊമ്പത് ലക്ഷത്തി എഴുപത്താറായിരം) പൗണ്ടാണ്. രാഷ്ട്രങ്ങളുടെ കണക്കുനോക്കുമ്പോൾ അവർ കൂടുതൽ ത്യാഗങ്ങളാണ് ചെയ്തിട്ടുള്ളത്. കാരണം അമേരിക്കയിലും പാക്കിസ്ഥാനിലും മറ്റുരാജ്യങ്ങളിലും പൗണ്ടുവെച്ച് തട്ടിച്ചുനോക്കുമ്പോൾ അസാധാരണമായ കുറവാണ് ഉണ്ടായിട്ടുള്ളത്. എന്നിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞവർഷത്തേക്കാൾ ഒരു ലക്ഷം പൗണ്ട് അധികം പിരിഞ്ഞുകിട്ടുകയുണ്ടായി. അംഗങ്ങളുടെ സംഖ്യ നാലു ലക്ഷത്തിപതിനഞ്ചായിരം എത്തിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ഇതിൽ പരിശ്രമിക്കുകയാണെങ്കിൽ കുട്ടികളിലൂടെ തന്നെ ചെറിയ പരിശ്രമം കൊണ്ട് ആറു ലക്ഷം അംഗങ്ങളെ വരെ വർധിപ്പിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. കുറഞ്ഞതു പത്തുലക്ഷം അംഗങ്ങൾ വഖ്ഫെ ജദീദിൽ ചേരുന്നതിനുവേണ്ടി തഹ്‌രീകെ ജദീദിനെപ്പോലെ, പുതിയതായി വരുന്നവരേയും ഇതിൽ ചേർക്കുക. കുട്ടികളെ ചേർക്കുക. പ്രത്യേകിച്ച് ഇന്ത്യ, ആഫ്രിക്ക തുടങ്ങിയ രാഷ്ട്രങ്ങളിൽ ഒരുപാട് സാധ്യതകളുണ്ട്. അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. പരിശ്രമിക്കുകയാണെങ്കിൽ ഒരുകോടി അംഗങ്ങളെവരെ ഇതിൽ ചേർക്കാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്തായാലും ആദ്യ ചുവട് എന്ന നിലയിൽ ഞാൻ പറഞ്ഞ അത്രയും പ്രവർത്തിക്കുകയാണെങ്കിൽതന്നെ അത് അധികമാണ്. 1957 ൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ പദ്ധതി ആരംഭിച്ചപ്പോൾ തന്നെ, അന്നത്തെ ജമാഅത്തിലെ അംഗസംഖ്യകണ്ടുകൊണ്ട് ഒരു ലക്ഷം ചന്ദകൊടുക്കുന്നവർ ഉണ്ടാകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഇപ്പോൾ അതിന്റെ കണക്കുകളൊന്നും എന്റെ കൈയിലില്ല. എത്രപേർ പാക്കിസ്ഥാനിൽ അംഗങ്ങളായി എന്നൊന്നും എനിക്കറിയില്ല. ഇത് പാക്കിസ്ഥാനികൾക്കുവേണ്ടി മാത്രമുള്ള പദ്ധതിയായിരുന്നു. അവിടെനിന്നാണ് അവിടന്ന് ഒരു ലക്ഷം അംഗങ്ങളെ ചോദിച്ചത്. ഇപ്പോൾ അത് മുഴുലോകത്തും വ്യാപിച്ചു നിൽക്കുകയാണ്.

മൊത്തം പിരിഞ്ഞുകിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ ആദ്യസ്ഥാനത്തുനിൽക്കുന്ന പത്തുജമാഅത്തുകളെക്കുറിച്ച് പറയാറുണ്ട്. ഒന്നാം സ്ഥാനത്ത് അമേരിക്കയാണ്. 2. പാക്കിസ്ഥാൻ, 3. ബ്രിട്ടൻ, 4. ജർമ്മനി, 5. കാനഡ (ജർമനി താഴേയ്ക്ക് പോകുകയാണെന്ന് എനിയ്ക്ക് തോന്നുന്നു) 6. ഇന്ത്യ, 7. ഇന്തോനേഷ്യ 8. ബൽജിയം, 9. സ്വിറ്റ്സർലണ്ട്, 10. ആസ്ട്രേലിയ. ഇതിനു പുറമേ ഫ്രാൻസ്, നോർവെ, ഹോളണ്ട്, സ്വീഡൻ, ജപ്പാൻ, സൗദിഅറേബ്യ തുടങ്ങിയ ജമാഅത്തുകളും കഠിനാധ്വാനം ചെയ്തിട്ടുണ്ട്.

പാക്കിസ്ഥാനിലെ ജമാഅത്തുകളെക്കുറിച്ച് പ്രത്യേകം പറയുകയാണ്. ഒന്നാം സ്ഥാനത്ത് കറാച്ചിയാണ്. 2. ലാഹോർ, 3. റബ്‌വ. കറാച്ചിയും ലാഹോറും തമ്മിൽ മത്സരം നടന്നു വരാറുണ്ട്. അവിടെ വ്യവസായികളും ഉദ്യേഗസ്ഥരുമുണ്ട്. അവരുടെ വ്യവസായങ്ങളിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ടാകാം. എങ്കിലും നല്ല വർധനവുണ്ട്. റബ്‌വയിൽ അധികമാളുകളും വരുമാനം കുറഞ്ഞവരാണ്. പക്ഷെ അവർ അവരുടെ 1,2,3 എന്നീ സ്ഥാനങ്ങൾ നിലനിറുത്തിയിരിക്കുന്നു.

പാക്കിസ്ഥാനിൽ വലിയവരുടേയും കുട്ടികളുടേയും കണക്കുകൾ പ്രത്യേകം പ്രത്യേകമാണ് രേഖപ്പെടുത്താറുള്ളത്. ഞാനിതിനെക്കുറിച്ച് പറഞ്ഞിരുന്നു. ഖിലാഫത്തെ സാലിസായിൽ കുട്ടികൾക്ക് പ്രത്യേകം ഏർപ്പാട് ആരംഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുതിർന്നവരുടെ ചന്ദ വഖ്ഫെ ജദീദിൽ റാവൽപിണ്ടി ഒന്നാം സ്ഥാനത്ത്. പിന്നീട് സിയാൽക്കോട്ട്, ഇസ്‌ലാമാബാദ്, ഫയ്സലാബാദ്, ഗുജറൻവാല, മീർപൂർഖാസ്, ശേഖ്പൂര, സർഗോദ, ഗുജ്റാത്ത്, കോയിട്ട. കുട്ടികളിൽ (ദഫ്ത്തറെ അത്ഫാൽ) ഇസ്‌ലാമാബാദ്, ഗുജറൻവാല, റാവൽപ്പിണ്ടി, ശേഖ്പൂർ മീർപ്പൂർഖാസ്, ഗുജ്റാത്ത്, ഫയ്സലാബാദ്, നാറോവാൾ, ബാവൽനഗർ.

സാമ്പത്തിക ത്യാഗങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുത്ത ഇവർക്കെല്ലാം അല്ലാഹുതആല തന്റെ പക്കൽ നിന്ന് അതിരില്ലാത്ത പ്രതിഫലം

നൽകുമാറാകട്ടെ. ഇവരുടെ ധനത്തിലും ജീവനിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ കർമ്മങ്ങളുടെ തോട്ടവും അവരുടെ ഭാര്യാമക്കളുടെ കർമ്മങ്ങളുടെ തോട്ടവും എപ്പോഴും ഫലസമൃദ്ധമായിരിക്കുമാറാകട്ടെ. അവർ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകളുടെ അനന്തരാവകാശികളായിത്തീരുമാറാകട്ടെ.

അവിടന്ന് പറയുന്നു: ഇത്തരം ആവശ്യകാര്യങ്ങളിൽ ആരാണോ ധനം ചെലവഴിക്കുന്നത് ആ ധനം ചെലവഴിക്കുന്ന കാരണത്താൽ അവന്റെ ധനത്തിൽ എന്തെങ്കിലും കുറവുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. മറിച്ച് അവന്റെ ധനത്തിൽ ബർക്കത്തുണ്ടാകും. അതുകൊണ്ട് അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് തികഞ്ഞ ആത്മാർത്ഥതയോടും അഭിനിവേശത്തോടും തന്റേടത്തോടുംകൂടി പ്രവർത്തിക്കുക. സേവനം ചെയ്യാനുള്ളകാലം ഇതു തന്നെയാണ്. ഇതിനു ശേഷം സ്വർണ്ണത്തിന്റെ മല തന്നെ ചെലവഴിച്ചാലും ഇപ്പോൾ ചെലവഴിക്കുന്ന തുട്ടുകൾക്ക് തുല്യമാവുകയില്ല. (ഇത് അവിടന്ന് തന്റെ കാലത്തെക്കുറിച്ചാണ് പറഞ്ഞത്) പറഞ്ഞു: തന്റെ പ്രിയപ്പെട്ട ധനം ഈ വഴിയിൽ ചെലവഴിക്കുന്ന ആളെമാത്രമേ സത്യമായും ഖണ്ഡിതമായ നിലയിലും ഈ ജമാഅത്തിലെ അംഗമായി മനസ്സിലാക്കുകയുള്ളുവെന്ന് നിരന്തരം അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്.

വലിയ ത്യാഗങ്ങൾ ചെയ്യുന്നവരും മനസ്സിലാക്കേണ്ടത് അവരുടെ മേൽ ഉണ്ടായിട്ടുള്ള അല്ലാഹുവിന്റെ ഫള്ലാണെന്നാണ്. കാരണം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്തെ സ്വഹാബിമാരുടെ ബാഹ്യമായി നോക്കിയാൽ നിസ്സാരമായ ത്യാഗങ്ങളാണ് അല്ലാഹുവിന്റെ സന്നിധിയിൽ വലിയ ദർജകൾ പ്രാപിച്ചത്. ഇക്കാലത്തും ത്യാഗങ്ങൾ വരിച്ചതിനുശേഷവും നാം വിനയത്തോടെ ത്യാഗങ്ങൾ ചെയ്ത്കൊണ്ടേ പോകുന്നതാണ്. അതിന്റെ മാതൃക നാം കാണുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനുവേണ്ടി ചെയ്ത ദുആകളിൽ നാമും ഭാഗഭാക്കാകും.

അവസാനമായി ഇവിടെ ജൽസയിൽ പങ്കെടുക്കാൻ വന്ന നിങ്ങളോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഈ ജൽസയിലെ സാന്നിധ്യം നിങ്ങളിൽ മാറ്റത്തിനു കാരണമായിത്തീരണം എന്നാണ്. ഈ ചുറ്റുപാടിൽ പരസ്പരം സലാം പറയുന്ന ശീലമുണ്ടാക്കുക. സ്നേഹത്തോടും സന്തോഷത്തോടും കൂടി സംസാരിക്കുക. ഇവിടെ ജമാഅത്തു വളരെ ചെറുതാണ്. അതുകൊണ്ട് പോരായ്മയോ സൽഗുണമോ അല്പമായാൽ പോലും പെട്ടെന്ന് മുഴുവൻ പരിസരത്തും പരക്കുന്നതാണ്. അതുകൊണ്ട് എന്തെങ്കിലും പരത്താനാഗ്രഹിക്കുന്നെങ്കിൽ, നന്മയുടെ, നല്ലകാര്യങ്ങളുടെ, സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, സൗരഭ്യം പരത്തേണ്ടതാണ്. പരസ്പരം വികാരങ്ങളെ ശ്രദ്ധിക്കണം. ദുആയിൽ ശക്തിചെലുത്തണം. രണ്ട് ദിവസത്തെ ജൽസയാണ് നിങ്ങളുടേത്. ഇതിൽ ഭൗതികമായ കാര്യങ്ങൾ പറയുന്നതിനുപകരം അല്ലാഹുവിന്റെ സ്മരണകൊണ്ട് നിങ്ങളുടെ പരിസരത്തെ സൗരഭ്യമുള്ളതാക്കിത്തീർക്കേണ്ടതാണ്. അല്ലാഹു തആല നിങ്ങൾക്കെല്ലാം ഇതിനു തൗഫീഖ് നൽകുമാറാകട്ടെ. പുതുവർഷത്തിന്റെ ജനുവരി 7 ാം തീയതിയാണിന്ന്. ആശംസകൾ നേർന്നുകൊണ്ട് നിരവധി ഫാക്സുകളും കത്തുകളും എനിക്ക് കിട്ടികൊണ്ടിരിക്കുന്നു. കഴിഞ്ഞ ഖുത്ബ ഡിസംബർ 31 നായിരുന്നു. അന്ന് മുബാറഖ് ബാദ് പറയാമായിരുന്നു. പക്ഷെ, എനിക്കോർമയുണ്ടായില്ല. അല്ലാഹു തആല എല്ലാ ജമാഅത്തിനേയും ഈ വർഷം അനുഗ്രഹപൂർണ്ണമാക്കട്ടെ. എല്ലാ രാജ്യങ്ങൾക്കും ഈ രാജ്യത്തിനും ഈ വർഷം എല്ലാ രീതിയിലും അനുഗ്രഹമുണ്ടാകട്ടെ. അല്ലാഹുതആല ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളേയും ജനങ്ങളേയും സ്നേഹത്തോടും സന്തോഷത്തോടും കൂടിയുള്ള ജീവിതം പഠിപ്പിക്കുമാറാകട്ടെ. ഹൃദയത്തിലുള്ള വെറുപ്പും വൈരാഗ്യവും അകറ്റുമാറാകട്ടെ. അല്ലാഹു തആല രാജ്യങ്ങളും രാജ്യങ്ങളും തമ്മിലുള്ള യുദ്ധങ്ങളും അക്രമങ്ങളും തടയുന്നതിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ. ജനങ്ങൾക്ക് ജനങ്ങളുടെ അവകാശങ്ങൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു തആല എല്ലാ നാശങ്ങളിൽ നിന്നും എല്ലാ മനുഷ്യരേയും രക്ഷിക്കുമാറാകട്ടെ. കാരണം ഇപ്പോഴത്തെ അവസ്ഥ വളരെ വേഗത്തിലാണ് അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചു വരുത്തുന്നത്. അല്ലാഹു കരുണ ചെയ്യട്ടെ. ഈ വർഷം അനുഗ്രഹത്തിന്റെ വർഷമായിരിക്കട്ടെ; ശിക്ഷയുടേതല്ലാതായിരിക്കട്ടെ. ഓരോ അഹ്മദിയ്ക്കും ആദ്യത്തേക്കാൾ കൂടുതൽ ആത്മാർത്ഥതയുടേയും, കൂറിന്റേയും, ത്യാഗങ്ങളുടേയും മാതൃക നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ. ആരാധനകളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നബി(സ)യുടെ സന്ദേശത്തെ ലോകത്തു പരത്താൻ തൗഫീഖ് നൽകുമാറാകട്ടെ. പ്രത്യേകിച്ച് നിങ്ങൾ ഈ രാജ്യത്ത് താമസിച്ചു വരികയാണ്. അതുകൊണ്ട് സ്പെയിനിൽ നിങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കാൻ പ്രത്യേക നിലയിൽ നിങ്ങൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
PHONE : 98465 02288

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA:
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 07 - 01 - 2005 at
Basharat Mosque
Padroabad
Spain

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**